# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1897 10.03.2020 ൽ മറുപടിയ്ക്ക്**

## വനിത-ശിശു വികസന വകുപ്പ് മുഖേനയുള്ള പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വനിത-ശിശു വികസന വകുപ്പിനെ പ്രത്യേക വകുപ്പാക്കി മാറ്റിയിട്ടുണ്ടോ; ഇതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിനു ശേഷം 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഡയറക്ടർ - 1<br>ജില്ലാ ഓഫീസർ - 14<br>ലോ ഓഫീസർ - 1<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1<br>ഫിനാൻസ് ഓഫീസർ - 1<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1<br>ഡ്രൈവർ - 1<br>ഓഫീസ് അറ്റന്റന്റ് - 4<br>ക്ലാർക്ക് - 1 (നിർഭയ സെൽ) |
| (ബി) | വനിത-ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നല്കാമോ? | (ബി) | വനിത ശിശു വികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവയിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാശങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

## വനിത ശിശു വികസന വകുപ്പ് പുതുതായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

**അതിജീവിക:** കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗംമൂലം മരണപ്പെടുകയോ ചെയ്യുമ്പോൾ നിത്യ ചെലവിനും ആശുപത്രി ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റു മാർഗ്ഗമില്ലാതെ ദുരിതമനുഭവിക്കേണ്ടി വരുന്നു. വിധവകൾ, ഭർത്താവ് ഗുരുതര രോഗത്താൽ കിടപ്പിലായ കുടുംബം, ഭർത്താവ് ഉപേക്ഷിച്ചതോ, വിവാഹ ബന്ധം വേർപ്പെടുത്തിയതോ ആയിട്ടുള്ള കുടുംബം എന്നിവർ എല്ലാം തന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടിവരുന്നു. ഭർത്താവിന്റെ അകാല മരണത്താൽ രോഗ ചികിത്സയും വീട് നിർമ്മാണത്തിനും ബാങ്കിൽ നിന്നും എടുത്ത ലോണുകളുടെ തിരിച്ചടവ് മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ ആശ്വാസം നൽകുന്ന പദ്ധതിയാണ് അതിജീവിക. പരമാവധി 50,000/- രൂപ വരെയാണ് ധനസഹായം നൽകുന്നത്.

**സമ്പുഷ്ട കേരളം:** ഒരു ഏകോപിത, ജീവിതചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിയ്ക്കുക എന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിതചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0–6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ അങ്കണവാടി വർക്കർമാർക്കും പ്രത്യേക സോഫ്റ്റ് വെയർ ഉള്ള മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. അങ്കണവാടികളിൽ ഉപയോഗിക്കുന്ന പത്തോളം രജിസ്റ്ററുകൾക്ക് പകരമാകുകയാണ് ഈ മൊബൈൽ ഫോണുകൾ. കൂടാതെ എല്ലാ അങ്കണവാടികൾക്കും വളർച്ച നിരീക്ഷണ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. പൊതുജന ബോധവത്കരണത്തിനായി എല്ലാ മാസവും അങ്കണവാടികളിൽ രണ്ട് സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

**കരുതൽ സ്പർശം (കൈകോർക്കാം കുട്ടികൾക്കായി) :** സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഫലപ്രദമായി ചെറുക്കുക, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും രക്ഷിതാക്കൾക്കിടയിലും അദ്ധ്യാപകർക്കിടയിലും പൊതു സമൂഹത്തിലും കൃത്യമായ ബോധവൽക്കരണം ഉറപ്പാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് കരുതൽ സ്പർശം.

**ഭദ്രം:** സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ, CBSE, ICSE സ്കൂളുകളിലെയും കുട്ടികളുടെ ഇടയിൽ ജെ.ജെ. ആക്റ്റ്, POCSO ആക്റ്റ്, കുട്ടികളുടെ അവകാശങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവത്കരണം നൽകുന്നതിനായിട്ടുള്ള പദ്ധതിയാണ് ഭദ്രം.

**ശരണബാല്യം പദ്ധതി:** ബാലവേല – ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ശരണബാല്യം.

**പ്രിവൻഷൻ ക്യാമ്പയിൻ:** സമൂഹത്തിന് സ്ത്രീകളോടുള്ള വിവേചന സ്വഭാവം അവസാനിപ്പിക്കുന്നതിനും ജെന്റർ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരുടെയും സന്നദ്ധ പ്രവർത്തകരുടെയും ഒരു കൂട്ടായ്മ രൂപീകരിച്ച് വിവിധ തലങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനായി മോഡ്യൂൾ രൂപീകരിക്കുകയും ഈ മോഡ്യൂൾ ഉപയോഗിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും മേഖലയിൽ പ്രവർത്തിക്കുന്ന ചൈൽഡ് ലൈൻ, കുടുംബശ്രീ, പാരാ ലീഗൽ വോളന്റിയർമാർ, കൗൺസിലർമാർ, സൂപ്പർവൈസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ എന്നിവർക്കായി 5 ദിവസം വീതം നീണ്ടുനിൽക്കുന്ന ToT പരിശീലനം നൽകിയിട്ടുണ്ട്. ToT മാർ താഴെതട്ടിലേയ്ക്ക് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

**വൺസ്റ്റോപ്പ് സെന്ററുകൾ:** സംസ്ഥാനത്ത് 14 ജില്ലകളിലായി പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർ അതാത് ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനാ അംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ആയതിലേയ്ക്ക് വൺ സ്റ്റോപ്പ് സെന്റർ ജീവനക്കാർക്ക് 3 ദിവസത്തെ പരിശീലന പരിപാടിയും നൽകിയിട്ടുണ്ട്.

**ഐ.ഇ.സി. പരിപാടികൾ:** സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വിവിധ വകുപ്പുകളിലായി ഹെൽപ്പ് ലൈനുകൾ പ്രവർത്തിച്ചുവരുന്നു. ഈ ഹെൽപ്പ് ലൈൻ നമ്പറുകൾ ഒരുമിച്ച് ഒരു പോസ്റ്ററിലാക്കി അങ്കണവാടികൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പതിപ്പിച്ച് ബോധവത്ക്കരണം നടത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.